(സി) ഇപ്രകാരം തിരികെ പ്രവേശിപ്പിക്കപ്പെടാവുന്ന ജീവനക്കാരുടെ സീനിയോറിറ്റി കൂടി സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്ന ഇന്റർസേ സീനിയോറിറ്റി തയ്യാറാക്കുന്ന പ്രക്രിയയിൽ പരിഗണിക്കുമോ ; പ്രസ്തുത ഉന്റർസേ സീനിയോറിറ്റി ലിസ്റ്റിൽ സർവ്വകലാശാലാ ജീവനക്കാർ ഏത് സീനിയോറിറ്റി ക്രമത്തിൽ സ്ഥിരപ്പെടുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കോടതി വിധിയുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി &സി) പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

എയ്ഡഡ് കോളേജ് നിയമനങ്ങളിൽ എസ്സി./എസ്ടി. വിഭാഗങ്ങൾക്ക് സംവരണം

2 (3718) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് കോളേജ് നിയമനങ്ങളിൽ എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക് സംവരണം ഏർപ്പെടുത്തണമെന്ന സുപ്രീം കോടതിവിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) എയ്ഡഡ് കോളേജ് നിയമനങ്ങളിൽ എസ്സി./എസ്ടി. വിഭാഗങ്ങൾക്ക് സംവരണം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് യു.ജി.സി. സംസ്ഥാന ഗവൺമെന്റിന് കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കത്ത് എന്നാണ് ലഭിച്ചത്; ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഈ വിഷയത്തിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 32393/10, 33205/10, 9140/13 റിട്ട് പെറ്റീഷനുകളിലെ 25-5-2015-ലെ വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് സംബന്ധിച്ച് യു.ജി.സി. നിർദ്ദേശത്തിന്റെ പകർപ്പ് ഈ വകുപ്പിൽ ലഭിച്ചതായി കാണുന്നില്ല. എയ്ഡഡ് കോളേജുകളിലെ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

നിയമനങ്ങളിൽ എസ്സി./എസ്ടി. വിഭാഗങ്ങൾക്ക് സംവരണം നൽകണമെന്ന മേൽപ്പറഞ്ഞ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ടിലും, ഡയറക്ട് പേമെന്റ് എഗ്രിമെന്റിലും മാറ്റം വരുത്തേണ്ടതുണ്ട്. ഈ വിഷയത്തിൽ എയ്ഡഡ് കോളേജ് മാനേജർമാരുമായി വീണ്ടും ഒരു ചർച്ച നടത്തേണ്ടതുണ്ട്. പ്രസ്തുത നടപടിക്രമങ്ങൾ സ്വീകരിച്ച് ഹൈക്കോടതി വിധി സമയപരിധിയ്ക്കുള്ളിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ചേലക്കര ആർട്സ് ആന്റ് സയൻസ് കോളേജ്

3 (3719) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജക മണ്ഡലത്തിൽ പുതുതായി പ്രവർത്തനം ആരംഭിച്ച ആർട്സ് ആന്റ് സയൻസ് കോളേജിന്റെ ഭൗതിക സൗകര്യങ്ങൾ സജ്ജമാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(ബി) കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് വകുപ്പിന്റെ പദ്ധതി തുകയിൽ നിന്ന് എന്തെങ്കിലും തുക അനുവദിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഈ വർഷത്തെ പദ്ധതിയിൽ നിന്നും കോളേജിനുവേണ്ടി ആവശ്യമായ തുക അനുവദിച്ച് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ-സി) ചേലക്കര നിയോജക മണ്ഡലത്തിൽ പുതുതായി പ്രവർത്തനം ആരംഭിച്ച സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജിന്റെ ഭൗതിക സൗകര്യങ്ങൾ സജ്ജമാക്കുന്നതിന്റെ ഭാഗമായി 2014-15 സാമ്പത്തിക വർഷത്തിൽ 5 ലക്ഷം രൂപയും 2015-16 സാമ്പത്തിക വർഷത്തിൽ 9 ലക്ഷം രൂപയും പദ്ധതിവിഹിതത്തിൽ നിന്നും അനുവദിച്ചുനൽകിയിട്ടുണ്ട്. കൂടാതെ കോളേജിന്റെ ആവശ്യത്തിലേക്കായി 7.70 ലക്ഷം രൂപയുടെ ഫർണിച്ചറും ഇലക്ട്രോണിക്സ് ഉപകരണങ്ങളും സിഡ്കോയിൽ നിന്നും വാങ്ങി നൽകിയിട്ടുണ്ട്.

ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ഒരു കോടി രൂപ വിനിയോഗിച്ച് കോളേജിന് ആവശ്യമായ 5 ഏക്കർ ഭൂമി വിലയ്ക്ക് വാങ്ങിയിട്ടുണ്ട്. കൂടാതെ അക്കാഡമിക് ബ്ലോക്ക് നിർമ്മിക്കുന്നതിനായി ഒരു കോടി രൂപയും ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly